## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4692** 14.11.2019-ൽ മറുപടിക്ക്

**റോഡ് അനുമതികളിൽ സി.ടി.ഇ.യുടെ അധികാരം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ശ്രീ.പി.ടി.എ.റഹീം | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി ലഭ്യമാക്കുന്ന പ്രവൃത്തികളിൽ സാങ്കേതികാനുമതി നൽകുന്നതിന് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധന ആവശ്യമുള്ള പരിധി എത്രയാണെന്ന് വിശദമാക്കാമോ; | (എ) പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി ലഭ്യമാക്കുന്ന പ്രവൃത്തികളിൽ സാങ്കേതികാനുമതി നൽകുന്നതിന് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധന നിർബന്ധമില്ല. |
| (ബി) സി.ടി.ഇ. അംഗീകരിച്ച അലൈൻമെന്റിൽ മാറ്റങ്ങൾ വരുത്താൻ റോഡ് പ്രവൃത്തികളുടെ നിർവ്വഹണഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന് അധികാരമുണ്ടോ; വിശദമാക്കാമോ? | (ബി) റോഡുകളുടെ അലൈൻമെന്റുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട ചീഫ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. റോഡിന്റെ അലൈൻമെന്റ് വിശദമായ പഠനത്തിനു ശേഷം അംഗീകൃത മാനദണ്ഡപ്രകാരം ബന്ധപ്പെട്ട ചീഫ് എഞ്ചിനീയറാണ് അന്തിമരൂപം നൽകുന്നത്. പ്രവൃത്തികൾ തുടങ്ങിയ ശേഷം അലൈൻമെന്റിൽ മാറ്റം ആവശ്യമായി വരുകയാണെങ്കിൽ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർ വിശദമായ പരിശോധനയ്ക്ക് ശേഷം ശുപാർശ സമർപ്പിച്ച് ഭരണാനുമതി നൽകിയ അധികാരിയിൽ നിന്നും പുതുക്കിയ അനുമതി ലഭ്യമാക്കേണ്ടതാണ്. അത്തരം അലൈൻമെന്റുകൾ സർക്കാർ നിർദ്ദേശിക്കുകയോ പരാതി ലഭിക്കുകയോ ചെയ്താൽ മാത്രമേ ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിക്കാറുള്ളൂ. |

സെക്ഷൻ ഓഫീസർ